**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 43** **17-09-2025 - ൽ മറുപടിയ്ക്ക്**

**വ്യവസായ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. കെ. എം. അഷ്‌റഫ്,<br>ശ്രീ. മഞ്ഞളാംകുഴി അലി ,<br>ശ്രീ. എൻ. ഷംസുദ്ദീൻ,<br>ശ്രീ. യു. എ. ലത്തീഫ് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | വ്യവസായ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ നഷ്ടത്തിലാണോ പ്രവർത്തിക്കുന്നത്; എങ്കിൽ അതിന്റെ അടിസ്ഥാന കാരണം കണ്ടെത്തി പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ; | (എ) | സംസ്ഥാനത്ത് വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള ബി.പി.ടിയുടെ പ്രവർത്തനവലോകന പരിധിയിൽ വരുന്ന 49 പൊതുമേഖലാ സ്ഥാപനങ്ങളിൽ 22 പൊതുമേഖലാ സ്ഥാപനങ്ങൾ പ്രവർത്തന ലാഭം രേഖപ്പെടുത്തിയിട്ടുണ്ട്. ഇവയുടെ മൊത്തം വിറ്റുവരവ് 5119.18 കോടി രൂപയും മൊത്തം പ്രവർത്തനലാഭം 65.56 കോടി രൂപയുമാണ്. ഇത് കൂടാതെ വ്യവസായവകുപ്പിന്റെ കീഴിലുള്ള KSIDC, KINFRA എന്നീ സ്ഥാപനങ്ങളും കൂടി ചേർത്ത് മൊത്തം 24 സ്ഥാപനങ്ങൾ ലാഭത്തിലാണ് പ്രവർത്തിക്കുന്നത്. കൂടാതെ 24 പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തന നഷ്ടം 2024-25 സാമ്പത്തിക വർഷത്തിൽ വലിയ തോതിൽ കുറയ്ക്കുവാൻ കഴിഞ്ഞിട്ടുണ്ട്. പ്രവർത്തന നഷ്ടത്തിൽ 117 കോടി രൂപയുടെ കുറവാണ് രേഖപ്പെടുത്തിയിട്ടുള്ളത്.<br><br>പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി പൊതുമേഖലാ സ്ഥാപനങ്ങളെ സംരക്ഷിച്ച് പ്രവർത്തനക്ഷമത, സുതാര്യത, മാനവ വിഭവശേഷിയുടെ വികസനം, സുസ്ഥിരത എന്നിവ വർദ്ധിപ്പിച്ച് കൂടുതൽ മത്സരക്ഷമത ഉറപ്പുവരുത്തി പൊതുമേഖലയെ ശക്തിപ്പെടുത്തുക എന്ന വികസന നയത്തിന്റെ ഭാഗമായി വിവിധ പദ്ധതികളാണ് സ്ഥാപനങ്ങളിൽ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നത്. പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ആദ്യമായി വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളുടെയും ബിസിനസ്സ് പ്ലാനും MoUഉം തയ്യാറാക്കി പ്രവർത്തനാവലോകനം തുടർച്ചയായ ഇടവേളകളിൽ നടത്തുകയും ആവശ്യമായ |

നിർദ്ദേശങ്ങൾ നൽകി വരികയും ചെയ്യുന്നു. അതോടൊപ്പം താഴെപ്പറയുന്ന നടപടികളും സ്വീകരിച്ചിട്ടുണ്ട്.

- ശാസ്ത്ര സാങ്കേതിക മേഖലകളിലും വിപണന രംഗത്തും ഉൾപ്പെടെ വ്യവസായ സംബന്ധിയായ സമസ്ത മേഖലകളിലും ഉണ്ടായികൊണ്ടിരിക്കുന്ന വളർച്ചയും മാറ്റങ്ങളും ഉൾക്കൊണ്ട് ഓരോ സ്ഥാപനത്തിന്റെയും പ്രവർത്തന മേഖലയ്ക്ക് അനുയോജ്യമായ പദ്ധതികൾ ഉൾക്കൊള്ളിച്ചുകൊണ്ട് തയാറാക്കിയ മാസ്റ്റർ പ്ലാനുകളുടെ അടിസ്ഥാനത്തിലുള്ള നവീകരണം/ വിപുലീകരണം സ്ഥാപനങ്ങൾ നടപ്പിലാക്കി വരുന്നു. ഉല്പന്നങ്ങളുടെ ഭാവി വിപണന സാധ്യതകളും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ ആഗോള ആഭ്യന്തര വിപണന സാധ്യതകളും വിലയിരുത്തി വിപണന മേഖലകൾ വിപുലീകരിക്കുവാൻ കമ്പനികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. 2025-26 സാമ്പത്തിക വർഷം വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ വിവിധ നവീകരണ വിപുലീകരണ പദ്ധതികൾക്കായി 275.10 കോടി രൂപ സർക്കാർ വാർഷിക പദ്ധതിയിൽ വകയിരുത്തിയിട്ടുണ്ട്.
- സാങ്കേതികവിദ്യകൾ കാലാകാലങ്ങളിൽ നവീകരിക്കുന്നതിനായി സംയുക്ത സംരംഭങ്ങളിൽ ഏർപ്പെടുന്നതിനും ആവശ്യകത കണക്കിലെടുത്ത് ചില ഉൽപ്പാദന സൗകര്യങ്ങളിൽ മാത്രം സംയുക്ത സംരംഭങ്ങൾ നടപ്പിലാക്കിയും സ്ഥാപനങ്ങളെ മത്സരക്ഷമമാക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്.
- സ്ഥാപനങ്ങളെ മത്സരക്ഷമാക്കുന്നതിനായി സർക്കാർ സ്വീകരിച്ച വിവിധ വൈവിധ്യവത്ക്കരണ നടപടികളുടെ ഭാഗമായി കേരള സ്റ്റേറ്റ് ഇലക്ട്രോണിക്സ് ഡെവലപ്മെന്റ് കോർപറേഷൻ (KELTRON), കെൽട്രോൺ കംപോണന്റ് കോംപ്ലക്സ് (KCCL), കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് (KSIE), ഫോമാറ്റിങ്സ് ലിമിറ്റഡ് (FOMIL), കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ (KSCC), കേരള സ്റ്റേറ്റ് കയർ മെഷിനറി കോർപ്പറേഷൻ (KSCMMC), ഹാൻഡിക്രാഫ്റ്റ്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ (HDCK), ഹാൻവീവ് (HANVEEV), കാപ്പെക്സ്

(CAPEX) എന്നീ സ്ഥാപനങ്ങൾ വികസിപ്പിച്ചെടുത്ത ഏകദേശം മുപ്പതോളം ഉത്പന്നങ്ങൾ വിപണനത്തിന് സജ്ജമായിട്ടുണ്ട്.

- പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ഉത്തരവാദിത്വത്തോട് കൂടി പ്രവർത്തന സ്വയംഭരണാവകാശം നൽകുന്നതിൻറെ ഭാഗമായി ശ്രീ. പോൾ ആൻറണി കമ്മിറ്റി റിപ്പോർട്ടിലെ ശിപാർശകൾക്ക് തത്വത്തിൽ അംഗീകാരം നൽകിയിരുന്നു. അതിനുശേഷം ഓരോ ശിപാർശകളും വിശദമായി പരിശോധിച്ച് ഘട്ടം ഘട്ടമായി അംഗീകാരം നൽകിവരുന്നു.
- സ്റ്റാറ്റ്യൂട്ടറി കുടിശ്ശികകൾ തീർപ്പാക്കുന്നതിനായി തെരഞ്ഞെടുത്ത പൊതുമേഖലാ സ്ഥാപനങ്ങൾക്ക് 2024-25 സാമ്പത്തിക വർഷം 28 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. 2025-26 വർഷം 42.50 കോടി രൂപ ഇതിനായി വകയിരുത്തി ഘട്ടം ഘട്ടമായി അനുവദിച്ച് വരുന്നു.
- Safety Audit / Energy Audit ശിപാർശകൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ ആവിഷ്കരിച്ചു വരുന്നു. പുതിയ പരിസ്ഥിതി നയത്തിനനുയോജ്യമായ രീതിയിൽ കുറഞ്ഞ ചെലവിൽ മലിനീകരണ തോത് കുറയ്ക്കുന്നതിനായി കൂടുതൽ ഇന്ധനക്ഷമതയുള്ള സംവിധാനങ്ങൾ നടപ്പിലാക്കുന്നതിനും ലക്ഷ്യമിടുന്നു.
- പ്രവർത്തന മികവിനെ അടിസ്ഥാനമാക്കി ജീവനക്കാരുടെ പ്രവർത്തനം വിലയിരുത്തുന്നതിനും, പ്രൊമോഷൻ പോളിസി, succession planning ആധാരമാക്കി പുതിയ HR നയം രൂപീകരിക്കുന്നതിനുള്ള നടപടികൾ ആവിഷ്കരിച്ചു വരുന്നു.
- സംസ്ഥാന പൊതുമേഖലയുടെ ചരിത്രത്തിലാദ്യമായി 18 സ്ഥാപനങ്ങളുടെ 31.12.2024 വരെയുള്ള വൈദ്യുതി കുടിശ്ശികയായ 294 കോടി രൂപ KSEB യിൽ നിന്നും സർക്കാരിന് ലഭിക്കേണ്ടതിൽ നിന്നും തട്ടികിഴിച്ച് പൂർണ്ണമായും ഒഴിവാക്കി നൽകിയിട്ടുണ്ട്.
- സ്ഥാപനങ്ങളുടെ പ്രവർത്തനത്തിൽ കൂടുതൽ സുതാര്യത ഉറപ്പ് വരുത്തുന്നതിന്റെ ഭാഗമായി പൊതുമേഖലാ സ്ഥാപനങ്ങളുടെ ഇന്റേണൽ ആഡിറ്റ് സംവിധാനവും സ്റ്റാറ്റ്യൂട്ടറി ആഡിറ്റ്

സംവിധാനവും പ്രത്യേക അവലോകനത്തിന് വിധേയമാക്കിയതിന്റെ ഭാഗമായി കുടിശ്ശിക ഉണ്ടായിരുന്ന സ്റ്റാറ്റ്യൂട്ടറി ആഡിറ്റുകൾ ഭൂരിഭാഗവും പൂർത്തിയാക്കാൻ സാധിച്ചു.

- പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനങ്ങൾ സുതാര്യമാക്കുന്നതിന്റെ ഭാഗമായി പി.എസ്.സി മുഖേനയല്ലാതെയുള്ള നിയമനങ്ങൾ നടത്തുന്നതിന് കേരള സ്റ്റേറ്റ് പബ്ലിക് എന്റർപ്രൈസസ് സെലക്ഷൻ ആന്റ് റിക്രൂട്ട്മെന്റ് ബോർഡ് (KPESRB) രൂപീകരിച്ച് പ്രവർത്തനമാരംഭിക്കുകയും മാനേജിംഗ് ഡയറക്ടർ ഉൾപ്പെടെയുള്ളവരുടെ നിയമനങ്ങൾ നടത്തി വരികയും ചെയ്യുന്നു .
- കമ്പനികളുടെ ഡയറക്ടർ ബോർഡുകൾ വിദഗ്ധരെ ഉൾപ്പെടുത്തി ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി കമ്പനികളുടെ വിവിധ മേഖലകളിൽ പ്രാവീണ്യം ലഭിച്ചവരുടെ ഒരു പാനൽ തയ്യാറാക്കി പ്രൊഫഷണൽ ഡയറക്ടർമാരെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.
- ജീവനക്കാരുടെ കാര്യക്ഷമതയും മികവും വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായുള്ള പരിശീലന പരിപാടികൾ നടത്തിവരുന്നു.
- പൊതുമേഖലാ സ്ഥാപനങ്ങളിലെ ചെയർമാൻ, മാനേജിങ് ഡയറക്ടർ ഉൾപ്പെടെയുള്ള ഡയറക്ടർ ബോർഡ് അംഗങ്ങൾക്കും ആവശ്യമായ പരിശീലനം നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ച് വരുന്നു.
- പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തന മികവിന് അംഗീകാരം നൽകുന്നതിന്റെ ഭാഗമായി ഏറ്റവും മികച്ച സ്ഥാപനം, മാനേജിങ് ഡയറക്ടർ, ജീവനക്കാരൻ, വ്യവസായ മേഖലയെ സംബന്ധിച്ച മികച്ച മാധ്യമ റിപ്പോർട്ടിങ് എന്നീ മേഖലകളിൽ അവാർഡുകൾ നൽകിവരുന്നു.
- ടെക്സ്റ്റൈൽ മേഖലയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി പൊതുമേഖലയിലും സഹകരണമേഖലയിലുമുള്ള സ്പിന്നിങ് മില്ലുകൾക്ക് വിളവെടുപ്പ് സമയത്ത് വിലക്കുറവിൽ ഗുണമേന്മയുള്ള പഞ്ഞി വാങ്ങിക്കുന്നതിനും പഞ്ഞിയുടെ ലഭ്യത ഉറപ്പുവരുത്തുന്നതിന് വേണ്ടി കോട്ടൺ ബോർഡ് രൂപീകരിച്ച് പ്രവർത്തനം നടത്തി വരുന്നു.

- ഈ പരുത്തി ഉപയോഗിച്ച് ഗുണനിലവാരമുള്ള നൂൽ ഉല്പാദിപ്പിക്കാൻ സാധിക്കുമെന്നതിനാൽ നൂലിന് മെച്ചപ്പെട്ട വില ലഭിക്കുകയും മില്ലുകളുടെ പ്രവർത്തനം മെച്ചപ്പെടുകയും ചെയ്യും. കൂടാതെ നിലവിൽ പല സ്പിന്നിങ് മില്ലുകളുടെയും അസംസ്കൃത വസ്തുവായ പോളിസ്റ്റർ ഫൈബർ കൂടി കോട്ടൺ ബോർഡ് മുഖേന നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കോട്ടൺ ബോർഡ് മുഖേന സ്വീകരിച്ച നടപടികളിലൂടെ ടെക്സ്റ്റൈൽ മില്ലുകൾ നേരിട്ട പ്രതിസന്ധികൾക്ക് പരിഹാരം ഉണ്ടാകുകയും പ്രവർത്തനം മെച്ചപ്പെടുകയും ചെയ്തിട്ടുണ്ട്.
- വ്യവസായ വകുപ്പിന്റെ അധീനതയിൽ പൊതുമേഖലാസ്ഥാപനങ്ങളുടെ ഉൽപ്പന്നങ്ങളുടെ വിപണനത്തിനായി "kshoppe.in" എന്ന പേരിൽ ഇ-കൊമേഴ്സ് പോർട്ടൽ ആരംഭിച്ച് പ്രവർത്തന പുരോഗതി കൈവരിച്ച് വരുന്നു. കേന്ദ്ര സർക്കാരിന്റെ സഹകരണത്തോടെ പരമ്പരാഗത മേഖലയുടെ വികസനത്തിന്റെ ഭാഗമായി ഉത്പന്നങ്ങളുടെ വിപണനത്തിനായി ONDCയുടെ ഇ-കൊമേഴ്സ് പോർട്ടലും പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.
- പൊതുമേഖലാസ്ഥാപനങ്ങളുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിന്റെയും വിപുലീകരിക്കുന്നതിന്റെയും ഭാഗമായി കേന്ദ്രപൊതുമേഖലാസ്ഥാപനങ്ങളിൽ നിന്നും സംസ്ഥാന പൊതുമേഖലാസ്ഥാപനങ്ങൾക്ക് തുടർച്ചയായി ബിസിനസ്/ ഓർഡറുകൾ നേടിയെടുക്കുന്നതിനായി സംഘടിപ്പിച്ച B2B meet-ന്റെ തുടർ പ്രവർത്തനങ്ങളുടെ ഭാഗമായി കൂടുതൽ ഓർഡറുകൾ ലഭ്യമായിത്തുടങ്ങിയിട്ടുണ്ട്.
- പൊതുമേഖലാ സ്ഥാപനങ്ങളുടെ ആവശ്യം കഴിഞ്ഞ് അധികമുള്ള ഭൂമിയിൽ നിന്നും സ്ഥാപനത്തിന് വരുമാനമുണ്ടാകുന്ന രീതിയിലുള്ള പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്.
- ഇന്ത്യയുടെ ചാന്ദ്ര പര്യവേക്ഷണമായ ചന്ദ്രയാൻ 3 ദൗത്യത്തിൽ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാസ്ഥാപനങ്ങളായ KMML, TCC, SIFL, KELTRON, SIDCO എന്നിവ നിർണ്ണായക പങ്ക് വഹിച്ചിട്ടുണ്ട്. ഇത് കൂടാതെ ആദിത്യ L1 മിഷനിലും വ്യവസായ വകുപ്പിന്റെ

| | | | |
|---|---|---|---|
| | | | അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ഭാഗമാകുന്നതിനു സാധിച്ചിട്ടുണ്ട്. വ്യവസായ വകുപ്പിന് കീഴിലുള്ള കെൽട്രോൺ, സ്റ്റീൽ & ഇൻഡസ്ട്രിയൽ ഫോർജിങ്സ് ലിമിറ്റഡ്, SILK, സിഡ്കോ, KAL മുതലായ സ്ഥാപനങ്ങൾ പ്രതിരോധ മേഖലയുമായി ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും വിവിധ ഓർഡറുകൾ ലഭ്യമാക്കി മെച്ചപ്പെട്ട പ്രവർത്തനം നടത്തിവരുന്നു.<br>• പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം ശക്തിപ്പെടുത്തി കൂടുതൽ മത്സരക്ഷമമാക്കുക എന്ന സർക്കാരിന്റെ ബദൽ വികസന നയത്തിന്റെ ഭാഗമായി കേന്ദ്രസർക്കാർ സ്വകാര്യവത്കരിക്കാൻ തീരുമാനിച്ചിരുന്ന ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡും, സംയുക്ത സംരംഭമായ ഭെൽ-ഇ.എം.എൽ-ഉം ഏറ്റെടുത്ത് സംസ്ഥാന സർക്കാരിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളാക്കി യഥാക്രമം കേരള പേപ്പർ പ്രോഡക്ട്സ് ലിമിറ്റഡ്, കെൽ-ഇ.എം.എൽ എന്ന് പുനർനാമകരണം ചെയ്ത് പ്രവർത്തനം പുനഃരാരംഭിച്ച് പ്രവർത്തന പുരോഗതി കൈവരിക്കാൻ സാധിച്ചിട്ടുണ്ട് |
| (ബി) | നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ ബിസിനസ്സ് മോഡലുകൾ പരിശോധിക്കാറുണ്ടോ; ബിസിനസ്സ് മോഡലുകൾ സുസ്ഥിരമല്ലെങ്കിൽ അവയുടെ ഓഹരികൾ വിൽക്കുന്നതിനോ പൊതുമേഖലാ സ്ഥാപനം അടച്ചുപൂട്ടുന്നതിനോ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | (ബി) | നിലവിലെ ബിസിനസ്സ് മോഡലുകൾ പരിശോധിച്ച് സാങ്കേതികവിദ്യകളിൽ കാലാനുസൃതമായ നവീകരണം കൊണ്ടുവന്നു വിപണിയിൽ കൂടുതൽ മത്സരക്ഷമതയുള്ളവയാക്കുന്നതിനായി സ്ഥാപനം കൂടുതൽ ലാഭത്തിലാക്കുന്നതിനും സംയുക്ത സംരംഭങ്ങളിൽ ഏർപ്പെടുന്നതിനും അനുമതി നൽകുന്നുണ്ട്.<br><br>നഷ്ടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ മത്സരക്ഷമമാക്കുന്നതിന്റെ ഭാഗമായി തെരഞ്ഞെടുത്ത എട്ട് സ്ഥാപനങ്ങളിൽ വിദഗ്ധരുടെ സഹായത്തോടെ ഒരു സാധ്യതാ പഠനം നടത്തുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.<br><br>നഷ്ടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ പൊതുമേഖലയിൽ തന്നെ നിലനിർത്തി സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം കൂടുതൽ ശക്തിപ്പെടുത്തി മത്സരക്ഷമമാക്കുക എന്ന നയത്തിനോടൊപ്പം തന്നെ കേന്ദ്ര സർക്കാർ സ്വകാര്യവത്കരിക്കാൻ തീരുമാനിച്ച കേരളത്തിലെ കേന്ദ്ര പൊതുമേഖലാ സ്ഥാപങ്ങളെ കൂടി ഏറ്റെടുത്ത് പൊതുമേഖലയിൽ നിലനിർത്തുന്നതിനുള്ള ബദൽ വികസന നയമാണ് സർക്കാർ സ്വീകരിച്ചു വരുന്നത്. |

| | | | |
|---|---|---|---|
| | | | ഇതിന്റെ ഭാഗമായാണ് കേന്ദ്ര പൊതുമേഖലാസ്ഥാപനങ്ങളായ ഹിന്ദുസ്ഥാൻ ന്യൂസ്പ്രിന്റ് ലിമിറ്റഡ്, സംയുക്ത സംരംഭമായ ഭെൽ-ഇ.എം.എൽ എന്നിവ ഏറ്റെടുത്ത് കേരള പേപ്പർ പ്രോഡക്ട്സ് ലിമിറ്റഡ്, കെൽ-ഇ.എം.എൽ എന്നിങ്ങനെ പുനർനാമകരണം ചെയ്ത് പ്രവർത്തനപുരോഗതി കൈവരിച്ച് വരുന്നത്.<br><br>സ്ഥാപനങ്ങളുടെ ഓഹരികൾ വിൽക്കുന്നതിനോ പൊതുമേഖലാ സ്ഥാപനം അടച്ചുപൂട്ടുന്നതിനോ സംസ്ഥാന സർക്കാർ ഉദ്ദേശിക്കുന്നില്ല. |
| (സി) | ഇക്കാര്യത്തിൽ പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച് സി. & എ. ജി.-യുടെ 2025-ലെ ഒന്നാമത്തെ റിപ്പോർട്ടിൽ പരാമർശം ഉണ്ടായിട്ടുണ്ടോ; എങ്കിൽ ഇതിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കുമോ? | (സി) | പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച സി.&എ ജി യുടെ 2023 മാർച്ചിൽ അവസാനിച്ച വർഷത്തിലെ റിപ്പോർട്ടിൽ (2025 വർഷത്തെ ഒന്നാമത്തെ റിപ്പോർട്ട്) നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ചുള്ള പരാമർശം ഉണ്ടായിട്ടുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങൾ വാർഷിക കണക്കുകൾ സമർപ്പിക്കുന്നതിൽ കാലതാമസം നേരിടുന്നതായി റിപ്പോർട്ടിലെ പരാമർശത്തിന്റെ അടിസ്ഥാനത്തിൽ സമയബന്ധിതമായി കുടിശ്ശിക ഓഡിറ്റ് para/ വാർഷിക കണക്കുകൾ uptodate ആക്കണമെന്ന കർശന നിർദ്ദേശം ധനകാര്യ വകുപ്പ് 16/07/2025 ലെ 57/2025/ധന പ്രകാരം സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. 2023-2024 സാമ്പത്തിക വർഷം ഭൂരിഭാഗം പൊതുമേഖലാ സ്ഥാപനങ്ങളുടെയും വാർഷിക കണക്കും വാർഷിക റിപ്പോർട്ടും ഓഡിറ്റ് പൂർത്തീകരിച്ചിട്ടുണ്ട്. സി.& എ.ജി റിപ്പോർട്ടിലെ പരാമർശങ്ങൾ പരിശോധിച്ച് ന്യൂനതാ പരിഹാര പത്രിക സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരികയാണ്. |

സെക്ഷൻ ഓഫീസർ